(ഡി) വൈസ് ചാൻസലർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് കോടതി ഉത്തരവ് നൽകാനിടയായ കാരണങ്ങൾ വിശദമാക്കാമോ ;

(ഇ) അന്വേഷണം നേരിടുന്ന വൈസ് ചാൻസലർമാർ ഉൾപ്പെടെയുള്ള ഉന്നതരെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഉണ്ട്.

(ബി&സി) കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ എന്നിവരടക്കം 4 പേർക്കെതിരെ ക്വിക്ക് വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യാൻ തൃശ്ശൂർ വിജിലൻസ് കോടതി വിജിലൻസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) തൃശ്ശൂർ ജില്ലയിലെ പാമ്പാടി നെഹ്റു എഞ്ചിനീയറിംങ് കോളേജിലെ 23 വിദ്യാർത്ഥികൾക്കുവേണ്ടി, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി പുനഃപരീക്ഷ നടത്തി എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ 14-5-2015 ന് ആണ് വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്തത്.

(ഇ) PC Act 13(1)@(d) r/w 13(2) ഉം IPC 120(B)409 പ്രകാരവും പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നുണ്ട്. സർവകലാശാല കളിലെ വൈസ് ചാൻസലർമാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ബഹു. ചാൻസലറിൽ നിക്ഷിപ്തമാണ്. സർക്കാരിന് ഈ വിഷയത്തിൽ നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

റവന്യൂ അദാലത്ത്

22 (*112) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പ് നടത്തിയ റവന്യൂ അദാലത്ത് വിജയകരമായ സ്ഥിതിക്ക് ഇത്തരം അദാലത്തുകൾ ആറ് മാസത്തിലൊരിക്കൽ നടത്തുന്നതിന് നടപടി ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വില്ലേജ് താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ ജനകീയവും സുതാര്യവുമാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) പൊതുജനങ്ങൾക്ക് മന്ത്രിയുമായി നേരിട്ട് പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനുമായാണ് സ്ഥിരം സംവിധാനങ്ങൾക്കു പുറമേ റവന്യൂ അദാലത്ത് നടത്തിയിട്ടുള്ളത്. ഇത്തരത്തിൽ അദാലത്തുകൾ 6 മാസത്തിലൊരിക്കൽ നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) വില്ലേജ്-താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം ജനകീയവും സുതാര്യവും ആക്കുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പിൽനിന്നും നൽകിവരുന്ന 23 സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകിവരുന്നു. Online Transfer of Registry (പോക്കുവരവ്) വിവിധ ജില്ലകളിൽ നടപ്പാക്കി വരുന്നു. പൂർണ്ണമായ കടലാസുരഹിത പോക്കുവരവ് സംവിധാനം നടപ്പിലാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഓരോ Smart Village Office സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. വിവിധ നികുതികൾ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനവും താമസിയാതെ നടപ്പാക്കുന്നതാണ്. ഇതു മുഖേന പൗരന് ഏതു സമയത്തും എവിടെവച്ചും സേവനം ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു.

ലൈറ്റ് മെട്രോ പദ്ധതി

23 (T*113) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. വി. ശശി :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലൈറ്റ് മെട്രോ പദ്ധതി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ഈ പദ്ധതി ഡി.എം.ആർ.സി. അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകരിക്കാത്തതെന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ :

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly